# കെ കെ കുമാരപിള്ള സ്മാരക ഗവ. ഹൈസ്കൂൾ കരുമാടി

School Code : 46017



# മഴവില്ല്

digital magazine

# എഡിറ്റോറിയൽ

അനന്തവിഹായസ്സിന്
പ്രകൃതി ഒരുക്കുന്ന
കിളിവാതിൽ...
മഴവില്ല്

കരുമാടിയുടെ
പ്രതിഭാവിഹായസ്സിന്
ലിറ്റിൽ കൈറ്റ്സ്
ഒരുക്കുന്ന
കിളിവാതിൽ...
മഴവില്ല്



# എഡിറ്റോറിയൽ ബോർഡ്

ഫിദാ നസീർ - 9B
(ചീഫ് എഡിറ്റർ)

അന്ന എൽസാ റോയ് - 9B

എബിൻ ചന്ദ്രബാബു - 9A

എഡ്വിൻ ജോണി - 9A

അഭിഷേക് മനോജ് - 9B

ഷൈനി വി
(ഹെഡ്മിസ്ട്രസ്)

റഹിയാനത്ത് എ
(കൈറ്റ് മിസ്ട്രസ്)

ബിന്ദ ടോം ജോസഫ്
(കൈറ്റ് മാസ്റ്റർ )

# സന്ദേശം

വിവരസാങ്കേതികവിദ്യയുടെ
മികവുകൾ കുട്ടികളിൽ എത്തിക്കുന്നതിനും,
ആനിമേഷൻ, കമ്പ്യൂട്ടിംഗ്, മലയാളം ടൈപ്പിംഗ് ,
പ്രോഗ്രാമിങ്ങ് തുടങ്ങിയവയിൽ കുട്ടികളെ
പ്രാപ്തരാക്കുകന്നതിനും വേണ്ടി പ്രവർത്തിക്കുന്ന
ഇൻഫർമേഷൻ ടെക്നോളജി കൂട്ടായ്മയായ
ലിറ്റിൽ കൈറ്റ്സിന്റെ
ഡിജിറ്റൽ മാഗസിനായ "മഴവില്ല്"
കുട്ടികളുടെ സർഗ്ഗാത്മകതയുടെ മിടിപ്പുകളാണ്.
വൈവിധ്യത്താൽ വേറിട്ട
ഒരു അനുഭവമാണ് ഏഴഴകുള്ള മഴവില്ല്.
പരിമിതികളിൽ നിന്നു കൊണ്ട്,
തിരഞ്ഞെടുത്തവ മാത്രം ഉൾപ്പെടുത്തി
തയ്യാറാക്കിയ മഴവില്ല് ഏഴ് വർണ്ണങ്ങളുടെ
മനോഹാരിതയാൽ ഇനിയും ഏറെ
മെച്ചപ്പെട്ട് ഒരു ഇ-വസന്തം തന്നെ
ആകട്ടെ എന്ന ആശംസകളോടെ

ഷൈനി വി
ഹെഡ്മിസ്ട്രസ്സ്

# ഉള്ളടക്കം


| രചന | പേജ് |
|---|---|
| കെ കെ കുമാരപിള്ള സ്മാരക ഗവ. ഹൈസ്കൂൾ കരുമാടി | 5 |
| കരുമാടിക്കുട്ടൻ | 7 |
| ഗുരുവിനോട് | 8 |
| നൊമ്പരം | 9 |
| Pencil Art | 10 |
| കുട്ടനാട്ടിലെ ജലജന്യരോഗങ്ങളുടെ പ്രതിരോധപ്രവർത്തനങ്ങൾ | 11 |
| Praise to God | 14 |
| Colour Art | 15 |
| हमारा वीर इतिहास | 16 |
| Pride of Karumady | 17 |
| ഫ്രീഡം ഫെസ്റ്റ് | 18 |
| Glory to Thee | 19 |
| ഓർമ്മയുടെ തീരത്ത് | 20 |
| Colour Art | 21 |
| കാത്തിരിപ്പ് | 22 |
| ഉച്ചയുറക്കം | 23 |
| കുപ്പത്തൊട്ടിയിലെ മാണിക്യം | 24 |
| അച്ഛൻ | 25 |
| ആർക്കോവേണ്ടി | 26 |
| കണക്കായിപ്പോയി | 27 |
| ഇനിയുമൊരു ജന്മത്തിനായ് | 28 |
| Colour Art | 29 |
| നന്ദി | 30 |

# കെ കെ കുമാരപിള്ള സ്മാരക ഗവ. ഹൈസ്കൂൾ കരുമാടി

ഫിദാ നസീർ (9 B)



ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ തകഴി ഗ്രാമത്തിൽ കരുമാടി വില്ലേജിലാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്. കുട്ടനാട് വിദ്യാഭ്യാസ ജില്ല ഓഫീസാണ് സ്കൂളിന്റെ ഭരണനിർവഹണ മേൽനോട്ടം നടത്തുന്നത്.പ്രീപ്രൈമറി മുതൽ പത്താം ക്ലാസ് വരെ ഇവിടെ കുട്ടികൾ ചേർന്ന് പഠിക്കുന്നു. ചരിത്രപ്രസിദ്ധമായ കരുമാടിക്കുട്ടൻ എന്ന ബുദ്ധവിഗ്രഹവും, കുട്ടനാടിന്റെ കഥാകാരൻ തകഴി ശിവശങ്കരപ്പിള്ളയുടെ ജന്മഗൃഹവും, രാഷ്ട്രപിതാവിന്റെ പാദസ്പർശമേറ്റ മുസാവരി ബംഗ്ലാവും കരുമാടിയിലെ ഈ സർക്കാർ വിദ്യാലയത്തിന് അല്പം മാത്രം അകലെയാണ്. 1905- നട്ടുത്തകാലത്ത് കരുമാടിയിലെ അക്ഷരസ്നേഹികളായ കുറച്ച് നല്ലയാളുകളുടെ ശ്രമഫലമായി സംഭാവനയായും വിലകൊടുത്തും വാങ്ങിച്ച സ്ഥലത്ത് LP സ്ക്കൂൾ ആരംഭിക്കാനാവശ്യമായ കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചു. കെട്ടിടം നിർമ്മിച്ചെങ്കിലും സ്കൂൾ നടത്തിപ്പ് പ്രയാസമേറിയതായ തിനാൽ 1915-ൽ കെട്ടിടം സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയും സ്കൂൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പിന്നീട് 1968-ൽ UP സ്ക്കൂൾ ആയി ഉയർത്തുകയുണ്ടായി. അതിനാവശ്യമായ ഭൗതികസൗകര്യങ്ങൾക്ക് വേണ്ടി അന്നത്തെ PTA പ്രസിഡന്റ് ശ്രീമതി മീനാക്ഷിയമ്മയും മുൻ MLA ശ്രീ. കെ. കെ കുമാരപിള്ളയും നിരന്തരശ്രമം നടത്തുകയുമുണ്ടായി. 1980-ൽ ഈ വിദ്യാലയം ഹൈസ്ക്കൂളായി ഉയർത്തി. 2011 ൽ സ്കൂളിനോടുചേർന്ന് പ്രീ പ്രൈമറി വിഭാഗവും ആരംഭിച്ചു.





ഇന്ന് കുട്ടനാട് വിദ്യാഭ്യസ ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ വിദ്യാലയമാണിത്.
സ്കൂളിന്റെ ഉന്നമനത്തിനായി നിരന്തരം പരിശ്രമിച്ചിരുന്ന മുൻ എം.എൽ.എ ശ്രീ കെ.കെ.കുമാരപിള്ളയോടുള്ള ആദര സൂചകമായി 2015ൽ സ്കൂളിന് കെ.കെ.കുമാരപിള്ള സ്മാരക ഗവൺമെന്റ് ഹൈസ്കൂൾ എന്ന് പേര് നൽകി.
ഏകദേശം 3 ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്.
സ്കൂളിന് 8 കെട്ടിടങ്ങളിലായി 21 ക്ലാസ് മുറികളും രണ്ട് കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ് ,



സൊസൈറ്റി , ലൈബ്രറി, സ്മാർട്ട് റൂം എന്നിവയും ഉണ്ട്.
അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.
ഹൈസ്കൂൾ വിഭാഗത്തിനും പ്രൈമറി വിഭാഗത്തിനും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്.
രണ്ട് ലാബുകളിലുമായി 40 ലാപ്ടോപ്പുകളും അനുബന്ധ ഉപകരണങ്ങളുമുണ്ട്.
ഹൈസ്കൂൾ ലാബിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.



സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഒരുമിച്ച് സ്കൂൾ അസംബ്ലിയിൽ പങ്കെടുക്കാൻ കഴിയുന്ന ഒരു അസംബ്ലി പന്തൽ ഈ വിദ്യാലയത്തിലുണ്ട്.
വാഹന ബാഹുല്യമോ ശബ്ദകോലാഹലങ്ങളോ ഇല്ലാതെ തികച്ചും ശാന്തമായ ഗ്രാമീണാന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്ന കരുമാടി കെ. കെ കുമാരപിള്ള സ്മാരക ഗവ. ഹൈസ്കൂൾ എല്ലാ മേഖലകളിലും എന്നും മുൻപന്തിയിൽ നിലകൊള്ളുന്നു.

# കരുമാടിക്കുട്ടൻ

അന്ന എൽസാ റോയ് ( 9 B )

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ കരുമാടി എന്ന ഗ്രാമത്തിലെ പ്രസിദ്ധമായ ബുദ്ധപ്രതിമയാണ് കരുമാടിക്കുട്ടൻ. കേരളത്തിൽ ബുദ്ധമതം വളരെ പ്രചാരം നേടിയിരുന്നു എന്നും, അത് സജീവമായിരുന്ന കാലത്തിന്റെ തെളിവായിട്ടാണ് പല ചരിത്രകാര ന്മാരും ഇതിനെക്കാണുന്നത്. ദലൈലാമ കരുമാടിക്കുട്ടൻ സന്ദർശിക്കുകയും അതിന്റെ സംരക്ഷണത്തിനായി ഏർപ്പാടുകൾ ചെയ്യുകയും ചെയ്തിരുന്നു. കേരളത്തിൽ അപൂർവ്വം ബുദ്ധപ്രതിമകളിലൊന്നായ കരുമാടിക്കുട്ടനെ പുരാവസ്തുവകുപ്പ് ചരിത്രസ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ട് . ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ പറയുന്നത് കരുമാടിക്കുട്ടൻ ജൈനപ്രതിമ എന്നാണ്. നിർമ്മാണ രീതിയും മറ്റും നോക്കിയാൽ ജൈന തീർത്ഥങ്കരൻ ആണ് എന്ന് സംശയിക്കാം.

പല ചേരരാജാക്കന്മാരും ബുദ്ധമതം സ്വീകരിച്ചതോടെ വിഗ്രഹങ്ങൾ ബുദ്ധമതത്തിന്റെ സ്വാധീനം കൈക്കൊണ്ടു. കരുമാടി എന്ന സ്ഥലത്തു നിന്നു ലഭിച്ച വിഗ്രഹമായ തിനാൽ കരുമാടിക്കുട്ടൻ എന്ന് പേരുവന്നു. ചെമ്പകശേരി രാജാവി ന്റേയും ചീഫഞ്ചിറ മൂപ്പിലാന്മാരുടേയും അമ്പനാട്ടു പണിക്കരുടേയും എന്നു വേണ്ട പുതിയ ബ്രാഹ്മണരുടേയും ആരാധനമൂർത്തി ബൗദ്ധവിഗ്രഹങ്ങൾ ആയിരുന്നു. എന്നാൽ വില്വമംഗലം സ്വാമിയാർ എന്ന ഹിന്ദു നവോത്ഥന നായകൻ ഇതിനു തടസ്സമായി. തന്റെ പൂർവ്വികന്മാർ ആരാധിച്ചിരുന്ന വിഗ്രഹത്തെ നശിപ്പിക്കുന്നതിൽ രാജാവിനു എതിർപ്പുണ്ടായിരുന്നു എങ്കിലും ശൈവ സന്ന്യാസിമാരുടേയും പട്ടാളത്തിന്റേയും മുഷ്കിൽ അതൊന്നും വിലപ്പോയില്ല. കുമാരിലഭട്ടന്റേയും ശിഷ്യനായ സംബന്ധമൂർത്തിയുടേയും ശ്രീശങ്കരാചാര്യരുടെ നേതൃത്വത്തിൽ നടന്ന ഹൈന്ദവീകരണത്തിൽ പിടിച്ചു നിൽകാൻ ബുദ്ധഭിക്കുകൾക്കായില്ല. നിരവധി സ്ഥലങ്ങളിൽ ബലപ്രയോഗം മൂലം ക്ഷേത്രം ശൈവർ പിടിച്ചെടുത്തു. അവശേഷിച്ച ചില ബുദ്ധ സന്ന്യാസിമാർ തോട്ടാപ്പിള്ളിയിലെ ക്ഷേത്രത്തിൽ നിന്ന് വിഗ്രഹം കാവില്പാടത്ത് ഉണ്ടായിരുന്ന ബുദ്ധ സന്ന്യാസികളുടെ മഠത്തിൽ സ്ഥാപിച്ചു. എന്നാൽ ശൈവശക്തി അവിടേയും വിഘാതമായി. വിഗ്രഹം അവർ നശിപ്പിച്ച് അടുത്തുള്ള പാടത്ത് നിർമ്മാർജ്ജനം ചെയ്തു. പകരം ക്ഷേത്രത്തിൽ ശിവലിംഗം സ്ഥാപി ക്കുകയും ചെയ്തു. അവർ ഈ വിഗ്രഹത്തെ കരുമാടി കുട്ടൻ എന്നു വിളിക്കുകയും ചെയ്തു. വളരെക്കാലം ഇത് അജ്ഞാതമായി കിടക്കുക യായിരുന്നു. കരുമാടിത്തോട്ടിൽ വളരെക്കാലമായി അറിയപ്പെടാതെ കിടന്നിരുന്ന ഈ വിഗ്രഹം പിന്നീട് സംരക്ഷിച്ചെടുത്തത് സർ റോബർട്ട് ബ്രിസ്റ്റോ ആയിരുന്നു. അദ്ദേഹം ഒരു സ്തൂപം പണിയുകയും വിഗ്രഹം അവിടെ സ്ഥാപിക്കുകയും ചെയ്തു.



# ഗുരുവിനോട്

കൃഷ്ണവേണി ആർ (6 B)

ഇനിയൊരു ഓർമ്മതൻ കനവിന്റെ ചില്ലയിൽ
കുടിയിരിക്കുന്നു നീ അക്ഷര ജ്വാലയായ്
കളി പറയാതെ എന്റെ അക്ഷരത്തോണിയിൽ
അറിവിന്റെ പൊരുളു നീ പെയ്തുവല്ലോ
വേർപെടുന്നതെൻ കരമല്ലതെങ്കിലും
നൊന്തു പോകുന്നതെൻ
മിഴിമുനക്കോണുകൾ
ഭാരമേറ്റുന്നെൻ ഹൃദയ തന്തുക്കളിൽ
പോയ നാളിൻ വാസന്ത കൗതുകം.
എത്ര നാൾ എന്നെ അറിവിൻകയങ്ങളിൽ
നീന്തി തുടിപ്പിച്ചു ഗുരുവിന്റെ വാക്കിനാൽ
എന്നിലൂറിയ സർഗ്ഗ ബോധത്തെയും
അമ്മതൻ വാക്കിനാൽ കടഞ്ഞെടുത്തതല്ലയോ
എന്നും പാതിയാക്കുന്നോരെന്നിലെ പ്രതിഭയും
പോകയോ ഗുരോ?
എത്ര നാളുകൾ എന്നറിവീല
ഏറെയും നല്ലതാം ഓർമ്മകൾ.

( ഈ വർഷം സർവ്വീസിൽനിന്നും വിരമിക്കുന്ന മിനി ടീച്ചറിനെപ്പറ്റി )



# നൊമ്പരം

ജ്യോതിലക്ഷ്മി ശ്രീകുമാർ (8B)

ഇലഞ്ഞിപൂവിന്റെ മണം ആകെ പരന്ന കിടക്കുന്നു.. സൂര്യൻ ഇരുൾ തൊപ്പി പൊക്കി പതുക്കെ എഴുന്നേൽക്കുന്നതിനു മുൻപ് തന്നെ ആ വീട് ഉണർന്നിരുന്നു. കിളിവാതിൽ . അതെ അതായിരുന്നു ആ വീടിൻറെ പേര്. ആരും പറന്നെത്താൻ ശ്രമിക്കുന്ന കിളിവാതിൽ തന്നെയായിരുന്നു അത്. അച്ഛനും അമ്മയും രണ്ട് ആൺമക്കളും അടങ്ങുന്ന സന്തുഷ്ട കുടുംബം. എന്നാൽ ഒരു പുതുവത്സര ദിനത്തിൽ പുത്തൻ പ്രതീക്ഷകൾ കെടുത്തിക്കൊണ്ട് അച്ഛൻ യാത്രയായി .. കണ്ണെത്താ ദൂരത്തേക്ക്.. മിന്നി മറഞ്ഞു.

അങ്ങനെ ആ കുടുംബം കണ്ണീരിന്റെ ഇത്തിരിവട്ടത്ത് മയങ്ങി. പറക്കമുറ്റാത്ത മക്കളുമായി അമ്മ പ്രയാണം തുടങ്ങി. ജീവിതത്തിൽ മിന്നി മറഞ്ഞ അന്ധകാരത്തെ പൊടുന്നനെ മാരിവില്ലിന്റെ വർണ്ണമാക്കാൻ അമ്മ ശ്രമിച്ച കൊണ്ടിരുന്നു. അടുത്തുള്ള വീടുകളിൽ എല്ലാം വേലയ്ക്ക് പോയി കഷ്ടപ്പെട്ട്, മക്കളെ പഠിപ്പിക്കണമെന്ന് നിശ്ചയദാർഢ്യത്തോടെ അമ്മ മുന്നോട്ടു പോയി. അമ്മയുടെ കഷ്ടപ്പാടുകളും തേങ്ങലുകളും അറിഞ്ഞ് മക്കൾ പഠിക്കുകയും ചെയ്തു. മക്കൾ യൗവനത്തിലേക്ക് കടക്കുംതോറും അമ്മ വാർധക്യത്തിന്റെ പടികൾ ചവിട്ടുകയായിരുന്നു. ഓരോ പടവുകളിലും തന്റെ മക്കൾക്കായുള്ള വിയർപ്പ് കണങ്ങൾ വറ്റാത്ത പുഴയായി ഒഴുകുന്നുണ്ടായിരുന്നു. മക്കൾ പഠിച്ച ഒരാൾ എൻജിനീയറും ഒരാൾ ഡോക്ടറുമായി. വർഷങ്ങൾക്ക് ശേഷം ആ വീട്ടിൽ അന്ന് ആദ്യമായി സന്തോഷത്തിന്റെ മഴ പെയ്തിറങ്ങി.

മക്കളെ ഇരുവരെയും തങ്ങളുടെ ഇഷ്ടത്തിന് ഏങ്ങി വലിഞ്ഞ് ആണെങ്കിലും അമ്മയുടെ ചെലവിൽ തന്നെ അമ്മ കല്യാണം കഴിപ്പിച്ചു. വർഷങ്ങൾക്ക് ശേഷം സ്നേഹത്തിൻറെ അമൃതം നുകർന്ന അമ്മ മക്കളുടെ താങ്ങും തണലും ആഗ്രഹിച്ചു. പക്ഷേ അമ്മ അന്ന് ഇതുവരെ ചെയ്തിട്ടുള്ള ഒന്നിനും പ്രതിഫലമായി മറ്റൊന്നും ആഗ്രഹിച്ചിരുന്നില്ല തൻറെ അരുമക്കിടാങ്ങളിൽ നിന്ന്.

ആർഭാടത്തിന്റെ കൊടുമുടിയിൽ തിമിർക്കുന്ന മക്കൾക്ക് അമ്മ ഒരു ഭാരമാകാൻ തുടങ്ങി. തങ്ങളുടെ ബംഗ്ലാവിന്റെ കോണിപ്പടിയുടെ ഇത്തിരി വട്ടത്ത് അവർ ചലിപ്പിക്കുന്ന ഒരു കളിപ്പാവയായി അമ്മയെ മാറ്റി. എന്നെങ്കിലും മക്കൾ തന്നെ സ്നേഹിക്കുമെന്ന് പ്രതീക്ഷയിൽ കോണിപ്പടിക്കെട്ടുകൾക്കടിയിൽ ഏറെ സന്തോഷത്തോടെ തന്നെ അമ്മ ജീവിച്ചു. ചുളിവാർന്ന നെറ്റിമേൽ മക്കളുടെ ഒരു ചുംബനത്തിനായി അമ്മ കൊതിച്ചു.

ഒരു ദിവസം ഒരു മയക്കത്തിൽ നിന്ന് അമ്മ പെട്ടെന്ന് ഞെട്ടി ഉണർന്നു. ചുറ്റും പരിചയം ഇല്ലാത്ത ഒട്ടനേകം മുഖങ്ങൾ. ചുറ്റുമുള്ളവർ പരസ്പരം പിറുപിറുത്തു കൊണ്ടേയിരുന്നു. ആദ്യം അമ്മയ്ക്ക് ഒന്നും മനസ്സിലായില്ല തന്റെ മക്കളെ അമ്മ അന്വേഷിക്കാൻ തുടങ്ങി. അമ്മയുടെ കണ്ണുകൾ നനഞ്ഞു.. കണ്ണീരിന്റെ അരുവിയായി അമ്മയുടെ കണ്ണുകൾ പെട്ടെന്ന് തന്നെ മാറി.



അതിലെ ഒരു അപരിചിത മുഖം അമ്മയ്ക്കായി ഒരു പിഞ്ഞാണത്തിൽ കഞ്ഞി വിളമ്പി മുൻപിൽ കൊണ്ടു വച്ചു. അപ്പോൾ അമ്മയ്ക്ക് എല്ലാം മനസ്സിലായി. അമ്മയുടെ കണ്ണീരുപ്പ് കഞ്ഞിയിൽ വീണലിയാത്ത ദിവസങ്ങൾ പിന്നെ അവിടെ ഉണ്ടായിരുന്നില്ല. അമ്മയുടെ പിഞ്ഞാണത്തിലെ കഞ്ഞി എന്നും കുടിച്ചിരുന്നത് കുറെയധികം ഉറുമ്പുകൾ ആയിരുന്നു. ആ വൃദ്ധസദനത്തിന്റെ അകത്തളങ്ങളിൽ അമ്മയുടെ വാവിട്ടു കരയിൽ പതിച്ചിരുന്നു. കോണിപ്പടിയുടെ ഇരുവശത്ത് ഉള്ള ജാലകപ്പാളികൾ തുറന്നിട്ട് ആർക്കോവേണ്ടി അമ്മ കാത്തിരുന്നു.

ജാലക പാളയിൽ പിണഞ്ഞിരിക്കുന്ന കുറിഞ്ഞിപ്പൂക്കളുടെ വള്ളികൾ അമ്മയോട് സ്വകാര്യം പറയാൻ എന്നും എത്തും. പക്ഷേ അമ്മ കുറിഞ്ഞി പൂക്കളുടെ തലയി ഒരു ചുംബനം കൊടുക്കുക മാത്രം. മറുപടിയൊന്നും കൊടുക്കുകയില്ല. വാതിലിനടുത്ത് നിൽക്കുന്ന ആൽമരം അമ്മ നോക്കുമ്പോൾ ചില്ലകൾ കുലുക്കും. പക്ഷേ അവർ എന്താണ് ഉദ്ദേശിക്കുന്നത് എന്ന് അമ്മയ്ക്ക് മനസ്സിലാവില്ല... അങ്ങനെ പ്രകൃതിയുടെ സൗന്ദര്യം നുണഞ്ഞുകൊണ്ട് മക്കളുടെ സ്നേഹം നുണയാൻ കാത്തിരുന്ന് വർഷങ്ങൾ കടന്നു പോകുന്നു.. വാതിൽ പടിക്കൽ വന്ന പിന്നിലുള്ള എത്തിനോട്ടം ഇല്ലാത്ത ഒരു ദിവസവും അമ്മയുടെ ജീവിതത്തിൽ പിന്നെ ഉണ്ടായിരുന്നില്ല. പക്ഷേ നൊമ്പരത്തിന്റെ, സ്നേഹത്തിൻറെ ഉറവ വറ്റാത്ത അമ്മയുടെ അകത്താര് മക്കൾക്ക് ഒരിക്കലും അറിയാൻ സാധിച്ചില്ല.. നൊമ്പരവുമായി അമ്മ എന്നും ഇന്നും കാത്തിരിക്കുകയാണ് തൻറെ അരുമ മക്കൾക്കായി.........

# Pencil Art

**Sathyavinayak P (10B)**



# കുട്ടനാട്ടിലെ ജലജന്യ രോഗപ്രതിരോധ പ്രവർത്തനങ്ങൾ

ആഞ്ചലിനാ ജോമോൻ (8B)



ജലം ജീവൻ നിലനിർത്താൻ ഉള്ള മുഖ്യമായ ഘടകമാണ്. ഭ്രമിയിൽ നില നിൽക്കുന്ന എല്ലാ ജീവജാലങ്ങളുടെയും പ്രവർത്തനത്തിനുള്ള അടിസ്ഥാന ആവശ്യകത ജലമാണ്. എന്നാൽ മാലിന്യ ങ്ങൾ ജലത്തിൽ ഉപേക്ഷിക്കുമ്പോൾ, ജലം മലിനമാകാനും രോഗങ്ങൾ പടരാനും സാധ്യതയുണ്ടാകുന്നു. ലോക ജനതയ്ക്ക് മുഴുവൻ വലിയ ഭീഷണിയാണ് ജലജന്യ രോഗങ്ങൾ . ജീവൻ നഷ്ടപ്പെടാൻ തക്കവണ്ണം അവ ഭയാനകരമാണ്. പ്രത്യേ കിച്ച് ജലജന്യ രോഗങ്ങൾ കാണപ്പെടുന്നത് വെള്ളത്താൽ ചുറ്റപ്പെട്ട, കേരളത്തിന്റെ നെല്ലറയിലാണ്, കുട്ടനാട്ടിലാണ്. ജലം ഒരു വരദാനമാണ്. പക്ഷേ അവയിൽ നിന്നുള്ള രോഗങ്ങളോ ശാപവും. കുട്ടനാട്ടിൽ ജനങ്ങളെ മുഴുവൻ അലട്ടുന്ന ഈ രോഗ ങ്ങൾക്ക് പരിഹാരം ചെറുതാണെ ങ്കിലും അവ ആരും പാലിക്കാത്തത് രോഗം വർദ്ധിപ്പിക്കാൻ കാരണമാകുന്നു.

ജീവന്റെ നിലനില്പിന് അത്യന്താപേക്ഷിതമായ ഘടകമാണ് ജലം അഥവാ വെള്ളം . ശുദ്ധജലത്തിന് നിറമോ മണമോ രുചിയോ ഇല്ല. കിണറുകൾ, പുഴകൾ, തടാകങ്ങൾ ഇവയിൽ ശുദ്ധജലം നിറഞ്ഞിരിക്കുന്നു. ലോകത്തിന്റെ മൊത്തം വെള്ളത്തിന്റെ 97 ശതമാനവും സമുദ്രങ്ങ ളിലാണുള്ളത്. ഇതിന് ഉപ്പുരസമാണുള്ളത്. ശേഷിക്കുന്ന മൂന്നു ശതമാനം മാത്രമാണ് ശുദ്ധജലം. ഇതിന്റെ മുക്കാൽ പങ്കും മഞ്ഞു മലകളിലും ഹിമാനികളിലുമായാണ് സ്ഥിതി ചെയ്യുന്നത്. ശുദ്ധജലം മനുഷ്യ ജീവന് അത്യന്താപേക്ഷിതമാണ്. ഈ ഒരു സാഹച ര്യത്തിൽ തോടുകളും പുഴകളും മലിനമാ ക്കുന്നത് അത്യധികം അപകടകരമാണ്. ശുദ്ധജല ദൗർലഭ്യവും അതോടൊപ്പം ജലത്തിൽ നിന്ന് രോഗങ്ങൾ രൂപപ്പെടാനും ജലമലിനീകരണം കാരണമാകുന്നു.. വരും കാലത്ത് പ്രകൃതിയുടെ ആവാസ വ്യവസ്ഥ യെ വരെ ഇത് ബാധിച്ചേക്കാം.

നമ്മുടെ കൊച്ചു കേരളത്തിൽ ജലം സുലഭമായി ലഭിക്കുകയും, കായലു കൾക്കും വിശാലമായ നെൽവയലുകൾക്കും പേര്കേട്ട അതിമനോഹരമായ പ്രദേശമാണ് കുട്ടനാട്. ഇത്രയേറെ പ്രകൃതി രമണീയമായ കുട്ടനാട് വിനോദ സഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രമാണ്. എന്നാൽ ജല ത്താൽ ചുറ്റപ്പെട്ട നമ്മുടെ കുട്ടനാട്ടിൽ കുടി വെള്ളത്തിനായി ആളുകൾ നെട്ടോട്ടമോ ടുകയാണ്. അവിടെയുള്ളവർ ശുദ്ധജലക്ഷാമം അനുഭവിക്കുന്നതു പോലെ തന്നെ ജലജന്യ രോഗങ്ങളാൽ വലയുകയാണ്. എന്തുകൊ ണ്ടാണ് ഇങ്ങനെയൊരു ദുരവസ്ഥ ഉണ്ടാ കുന്നത് എന്ന് നാം ഓരോരുത്തരും വളരെ ഗൗരവമായി തന്നെ ചിന്തിക്കേണ്ടിയിരി ക്കുന്നു.





ഒരു പരിധിവരെ ഇതിനൊക്കെ കാരണം അവിടെ അധിവസിക്കുന്ന ജനങ്ങൾ തന്നെയാണ്. വിനോദ സഞ്ചാരികളെത്തുന്ന ഹൗസ് ബോട്ടുകളിലെ മാലിന്യങ്ങൾ സംസ്കരിക്കാതെ ജലത്തിൽ ഒഴുക്കി വിടുന്നതും , പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂടാതെ വീടുകളിലെ കക്കൂസ് മാലിന്യങ്ങളും, മറ്റ് മാലിന്യങ്ങളും തോടുകളിൽ തള്ളുമ്പോൾ , അവ അഴുക്കുന്നതിനു വേണ്ടി ജലത്തിലെ ജീവവായുവാണ് പ്രയോജനപ്പെടുത്തുന്നത്. കൂടുതലായി ഇങ്ങനെ മാലിന്യം സംസ്കരിക്കാതെ ജലത്തിലേക്ക് വലിച്ചെറിയുമ്പോൾ അവ അഴുകാൻ താമസം നേരിടുന്നു. നാളുകളോളം അഴുകാതെ കിടന്ന് അവയിൽ നിന്ന് ബാക്ടീരിയ പോലെയുള്ള ഒത്തിരി കീടാണുക്കൾ രൂപം കൊള്ളുന്നു. ഇങ്ങനെയുള്ള ഈ ജലം ആളുകൾ കുടിക്കാനും മറ്റും ഉപയോഗിക്കുമ്പോൾ അവയിലെ അണുക്കൾ ശരീരങ്ങളിൽ പ്രവേശിക്കുന്നു. അങ്ങനെ അവർക്ക് വിവിധ തരം രോഗങ്ങൾ പിടിപെടുന്നു.

ശരീരത്തിൽ രക്തപ്രവാഹം നിലച്ച് ജവിതം അവസാനിക്കുന്നതു പോലെയാണ് കുട്ടനാട്ടിൽ നീരൊഴുക്ക് നഷ്ടപ്പെട്ടാൽ. നമ്മുടെ തോടുകളും കനാലുകളും പോളയും പ്ലാസ്റ്റിക്ക് മാലിന്യങ്ങളും മൂടിയിരിക്കുന്ന അവസ്ഥമാണ് ഇതിനു കാരണം. സ്ഥിരമായി കെട്ടി കിടക്കുന്ന ജലത്തിൽ ഇങ്ങനെ മാലിന്യങ്ങൾ ഉപേക്ഷിക്കുമ്പോൾ വളരെയേറെ മാരകമായ രോഗാണുക്കൾ രൂപം കൊള്ളും. അവ ഒരു മനുഷ്യന്റ ജീവൻ എടുക്കാൻ വരെ കഴിവുള്ള അപകടകാരികളാവും. വ്യാവസായിക മേഖലകളിലെയും കാർഷിക മേഖലകളിലെയും മാലിന്യങ്ങളും ജലം മലിനമാക്കുന്നതിൽ പങ്കു വഹിക്കുന്നു.

ജലം അമൂല്യമാണ് എന്ന് വിളിച്ചു പറയുന്ന കാലഘട്ടത്തിൽ ജീവിക്കുമ്പോഴും ജലം നാം സംരക്ഷിക്കുന്നില്ല. ജലം ജീവന്റെ മുഖ്യമായ ഘടകമാണ്. മനുഷ്യന്റെ മാത്രം മാലിന്യങ്ങളല്ല മൃഗങ്ങളുടെ മാലിന്യവും ജലം മലിനമാക്കുന്നു. വെള്ളം മലിനമാകുമ്പോൾ അവയിൽ നിന്നുള്ള രോഗാണുക്കൾ മനുഷ്യനു തന്നെ ശാപമായി മാറുന്നു. വിദഗ്ധ ശാസ്ത്രജ്ഞർ പറയുന്നത് ജലജന്യരോഗങ്ങൾമൂലം പ്രതിദിനം മൂവായിരം ആളുകൾവരെ മരണപ്പെടുന്നു എന്നാണ്. ഈ ജലത്തിലെ രോഗാണുക്കൾ പലവിധത്തിലാണുള്ളത്. ഏതൊരാൾക്കും ഈ രോഗങ്ങൾ ജലത്തിൽനിന്നും ബാധിക്കാം. ചെറിയ കുട്ടികൾ, മുതിർന്നവർ, പ്രായമായവർക്കുമെല്ലാം അവരെ ബാധിച്ച രോഗാണുക്കളെ അടിസ്ഥാനമാക്കിയും അവരുടെ രോഗപ്രതിരോധത്തെ അടിസ്ഥാനമാക്കിയും രോഗത്തിന്റെ കാഠിന്യം വർദ്ധിക്കാം.

കുട്ടനാട്ടിലെ ജനങ്ങളെമാത്രം ബാധിക്കുന്ന ഒരു വിപത്തല്ല ജലജന്യരോഗങ്ങൾ. ജലമലിനീകരണം എവിടെയെല്ലാമുണ്ടോ അവിടെ മാരകമായ ഈ രോഗാണുക്കളുമുണ്ട്. ഈ രോഗാണുക്കൾ കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ വലുതാണെങ്കിലും അവയെ പ്രതിരോധിക്കാനുള്ള മാർഗ്ഗങ്ങൾ വളരെ ചെറുതും നിസ്സാരവുമാണ്. ജലജന്യരോഗങ്ങൾ നമുക്ക് പ്രധാനമായും തടയാൻ സാധിക്കുന്നത് ശുചിത്വത്തിലൂടെയാണ്. നദികളും തോടുകളും കുളങ്ങളുമെല്ലാം നാം മാലിന്യവിമുക്തമാക്കണം. തോടുകളിലെയും കായലുകളിലെയും പോളയും പ്ലാസ്റ്റിക്





മാലിന്യങ്ങളും നീക്കം ചെയ്യണം. അപ്പോൾ കായലുകളിൽ ഒഴുക്ക് വർദ്ധിക്കും. ഇത് ജലത്തിൽ ജീവവായു ഉൽപാദനത്തിന് സഹായിക്കും. അതോടൊ പ്പം തോടുകളുടെ ആഴം വർദ്ധിപ്പിക്കുന്നതും ഒഴുക്കിന് സഹായകരമാകും. അമിതമായി നാം ജൈവമാലിന്യങ്ങൾ ജലത്തിൽ ഉപേക്ഷി ക്കരുത്. അതുപോലെതന്നെ നമ്മുടെ വീട്ടുകളിലെ കക്കൂസ് മാലിന്യങ്ങളും മറ്റ് മാലിന്യങ്ങളും തോടുകളിൽ തള്ളുന്ന പ്രവണത നാം ഓരോരുത്തരും ഉപേക്ഷിക ്കണം. മൃഗങ്ങളുടെ വിസർജ്ജ്യങ്ങളടങ്ങുന്ന ജൈവമാലിന്യങ്ങൾ ചെടികൾക്ക് വളമായി മാറ്റണം. അവയൊന്നും നാം ജലസ്രോത സ്സുകളിൽ തള്ളരുത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമ്മസേനയെ നാം ഏൽപ്പിക്കണം. ഇങ്ങനെ സാമൂഹികമായി നാം ജലത്തെ സംരക്ഷിക്കണം.

ശുചിത്വം എന്നത് ആദ്യം വീട്ടുകളിൽ തുടങ്ങണം. ഏത് ഭക്ഷ്യവസ്തുക്കൾ കഴിച്ചാലും കഴിക്കുന്നതിനുമുൻപും ശേഷവും സോപ്പ് ഉപയോഗിച്ച് നാം കൈകൾ ശുദ്ധി യാക്കണം. അതുപോലെ ശുചിമുറി ഉപയോ ഗിച്ചതിനുശേഷവും സോപ്പുപയോഗിച്ച് നമ്മുടെ കൈകൾ ശുദ്ധിയാക്കണം.വെള്ളം കുടിക്കുമ്പോൾ അതിൽ കാണപ്പെടുന്ന മാലി ന്യങ്ങൾ മാറ്റി വേണം നാം ഉപയോഗി ക്കാൻ. അതിനായി ഫിൽറ്ററുകൾ ഉപയോ ഗിക്കുന്നു. അതോടൊപ്പം വെള്ളം കഴിവതും തിളപ്പിച്ച് കുടിക്കാൻ നാം ശ്രദ്ധിക്കണം. ശുദ്ധജലമല്ലെങ്കിൽ കുളിക്കുമ്പോൾ ചൊറി ച്ചിലും മറ്റലർജ്ജികളും ഉണ്ടാവാൻ സാധ്യ തയുണ്ട്. ഇത് ഒഴിവാക്കാൻ വെള്ളത്തിന്റെ ശുദ്ധത നാം പരിശോധിച്ചിട്ട് ഉപയോഗിക്ക ണം. കാർഷിക മേഖലകളിൽ വെള്ളം മലിനമാകുന്നത് കൃഷിയിലെ രാസ ഉപയോ ഗം മൂലമാണ്. രാസവസ്തുക്കൾ കൃഷിയിൽ ഉപയോഗിക്കുമ്പോൾ വെള്ള ത്തിൽ ഈ രാസവളം കലരുന്നു. ഇതു തടയാൻ നാം രാസ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കണം. പ്രകൃതിയുമായി ഇണങ്ങുന്നവ ഉപയോഗിക്കുന്നത് വളരെ ഉചിതമാണ്. വളരെ ലളിതമായ മാർഗങ്ങളിലൂടെ നമുക്ക് ഈ ജലജന്യ രോഗങ്ങളിൽ നിന്ന് അക ന്നിരിക്കാൻ സാധിക്കും. വയറിളക്കം, വയറു വേദന, തലവേദന , മലബന്ധം പോലെ യുള്ള ബുദ്ധിമുട്ടുകൾ ജലജന്യ രോഗങ്ങളുടെ ലക്ഷണങ്ങളാണ്. ഇവയിലേതെങ്കിലും അനുഭവപ്പെട്ടാൽ തന്നെ ഉടനെ അടുത്തുള്ള ആശുപത്രികളിലോ ആരോഗ്യ കേന്ദ്രങ്ങ ളിലോ ചെന്ന് പരിശോധിച്ച് രോഗപ്രതി രോധ മരുന്നുകൾ ഉപയോഗിക്കണം.

ജനങ്ങളെ ജലജന്യ രോഗങ്ങ ളുടെ ഭീകരതയെ കുറിച്ച് പറഞ്ഞ് മനസ്സി ലാക്കാൻ സാധിക്കുകയാണെങ്കിൽ നമുക്ക് ഒത്തിരിയേറെ ജീവനുകൾ രക്ഷപ്പെടുത്താം. അതിനുള്ള ബോധവത്കരണ ക്ലാസ്സുകൾ നൽകി ഇതിന്റെ പ്രതിരോധ മാർഗങ്ങളെ കുറിച്ച് മനസ്സിലാക്കി കൊടുക്കണം. വ്യാവ സായിക മാലിന്യം ജലത്തിൽ ഉപയോഗി ക്കുമ്പോൾ ഉണ്ടാകുന്ന ഭീകരതയെ പറ്റി പ്രത്യേകം അവബോധം അവരിൽ ഉണർ ത്തണം.

ടൈഫോയിഡ് , ഡിസെന്ററി, കോളറ, മെനിഞ്ചൈറ്റിസ്, ഹെപ്പറ്റൈറ്റിസ്, പോളിയോ എന്നിങ്ങനെ നീളുന്ന ജലജന്യ രോഗങ്ങളാൽ ഉണ്ടാവുന്ന മരണസംഖ്യ ഈ പ്രതിരോധങ്ങൾ മനസ്സിലാക്കി പ്രവർത്തി ച്ചാൽ നമുക്ക് കുറയ്ക്കാൻ സാധിക്കും. ജലത്തെ സംരക്ഷിച്ചാൽ നമുക്ക് ജലക്ഷാമമോ ജല ജന്യ രോഗങ്ങളോ ഉണ്ടാകുകയില്ല. അങ്ങ നെ അമൂല്യമായ ജലത്തെ വരും തലമുറയ്ക്ക് ശുചിത്വത്തോടെ കൈമാറാം. ജലജന്യ രോഗങ്ങൾ ഇല്ലാത്ത ഒരു നല്ല കുട്ടനാടിന്റെ നാളേയ്ക്ക് വേണ്ടി നമുക്ക് കൈകോർക്കാം. ഒരു പാട് ജീവനുകളെ നമുക്ക് രക്ഷിക്കാം.

(ബ്ലോക്ക് തലത്തിൽ ഒന്നാം സ്ഥാനം നേടിയ ഉപന്യാസം)

# *Praise To God*

Biji B Nair (Teacher)



O' dear God O' kind God
You are  our teacher
You are our Savior
We praise you (2)

O' dear God O' kind God
Thank you for your blessings
Thank you for your kindness
We love you(2)

O' dear God O' kind God
We praise you
We love you
We praise you
We love you

# Colour Art

**Sreehari B (10B)**



# हमारा वीर इतिहास

बी देवनन्दा नायर (8 बी)

देश के  शहीद जवानों
मेरा सादर प्रणाम
भारत माँ के वीर बेटे थे. .  आप
आज़ादी है आपकी चाह
भारत माँ के शान बढाये तू
रणभूमि में निडर पॉव से

हे वीर जवान. . . . . . . .
सच्चे सपूत हो तुम
भारत माँ के,
अचल मन से,
मुस्कुराती मुँह से
सुख : दुख सब भूलकर
अपनी माँ की प्राण के लिए आप. . .
निडर मन से फाँसी झेला

हे अमर वीर बलिदानी . . . . . .
आदर्श पुरुष थे , आप
लाखों युवकों की
हम याद करेंगे
इन वीर कुर्बानी को
और कोटि कोटि प्रणाम करें '
इन वीर सपूतों को



# Pride of Karumady

നീന്തൽ 50 മീറ്റർ
ഫ്രീ സ്റ്റൈലിൽ
സംസ്ഥാനതലത്തിൽ
മൂന്നാം സ്ഥാനവും
ദേശീയതലത്തിൽ
എട്ടാം സ്ഥാനവും
നേടിയ
**അർജ്ജുൻ അജി**







സംസ്ഥാന സ്കൂൾ
കലോത്സവത്തിൽ
ഹൈസ്കൂൾവിഭാഗം
പെൺകുട്ടികളുടെ
ഓട്ടൻതുള്ളൽ
മത്സരത്തിൽ
എ ഗ്രേഡ് നേടിയ
**ദേവജാ വർമ്മ**


# ഫ്രീഡം ഫെസ്റ്റ്


എഡ്വിൻ ജോണി (9 A)


സ്വതന്ത്ര സോഫ്റ്റ്‌വെയറുകളെപ്പറ്റി അവബോധം നൽകുന്ന ഫ്രീഡം ഫെസ്റ്റ് കുട്ടികൾക്ക് പുതിയ ഒരനുഭവമായി. 2023 ഓഗസ്റ്റ് 5 മുതൽ 12 വരെ നടന്ന ഫെസ്റ്റിനോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഓഗസ്റ്റ് 8, 9 തീയതികളിൽ കുട്ടികൾക്കായി ഡിജിറ്റൽ പോസ്റ്റർ നിർമ്മാണമത്സരം നടന്നു. ഓഗസ്റ്റ് 9 ന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സ്കൂളിൽ പ്രത്യേക അസംബ്ലി അവതരിപ്പിച്ചു.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ രക്ഷിതാക്കൾക്ക് വിവരവിനിമയ സാങ്കേതിക വിദ്യയുടെ അടിസ്ഥാന പാഠങ്ങൾ അഭ്യസിപ്പിക്കുന്ന ഇ-വീട് പദ്ധതിയുടെ ഉദ്ഘാടനവും അന്ന് നടന്നു. ഓഗസ്റ്റ് 10, 11 തീയതികളിൽ കുട്ടികൾക്കായി ഫ്രീഡം എക്സിബിഷൻ സംഘടിപ്പിച്ചു. ലിറ്റിൽ കൈറ്റ്സ് പാഠ ഭാഗങ്ങളുമായി ബന്ധപ്പെടുത്തി അവത രിപ്പിച്ച റോബോട്ടിക്സ് പ്രദർശനങ്ങൾ ഏറെ വിജ്ഞാനപ്രദവും കൗതുകകരവുമായിരുന്നു. ഫ്രീഡം ഫെസ്റ്റിലൂടെ സ്വതന്ത്രസോഫ്റ്റ് വെയറുകളെപ്പറ്റി കൂടുതൽ അറിയുവാൻ കുട്ടികൾക്ക് കഴിഞ്ഞു.





# Glory to Thee...

Ritta Ann Joseph (8 A)

Glory to thee
Glory to thee
God, Almighty (2)

Lead us, Guide us
Save the whole world
Bless us, Teach us
Show the right path

Glory to thee
Glory to thee
God, Almighty (2)

You're the only one
To give solace to us
We believe in you
Be kind to us

Glory to thee
Glory to thee
God, Almighty (2)



# ഓർമ്മയുടെ തീരത്ത്

**രാജശ്രീ വി (അധ്യാപിക)**


കടലെടുത്ത സ്വപ്നങ്ങളെ നോക്കി വിലപിക്കുന്ന വീട്ടമ്മയുടെ ചിത്രം മനസ്സിലൊരു നോവായി ....എന്തിനാണ് കടലമ്മ ഇങ്ങനെ കലിതുള്ളു ന്നത് ? ഒരമ്മക്ക് മറ്റൊരമ്മയുടെ നഷ്ടങ്ങളെ തിരിച്ചറിയാനാവില്ലേ ? എത്രയോ പേരുടെ സ്വപ്നങ്ങൾ നഷ്ടപ്പെടുത്തിയ, എത്രയോ കുടുംബ ങ്ങളെ അനാഥമാക്കിയ കടൽ... ഇന്നും കടലമ്മ തന്നെ.

എന്നും കടൽ ഒരു ഹരമായിരുന്നു. വീട്ടിൽ നിന്ന് നൂറ് നൂറ മ്പത് മീറ്റർ ദൂരമേ ഉള്ളൂ കടപ്പുറത്തേക്ക് . കടലിന്റെ ഇരമ്പൽ രാത്രികാല ങ്ങളിൽ കേൾക്കാം . പക്ഷേ അച്ഛനൊരിക്കലും കടലുകാണിക്കാൻ കൊണ്ടുപോയിട്ടില്ല. വർഷത്തിലൊരിക്കൽ കൊച്ചച്ഛൻ ലീവിന് വരുമ്പോഴാണ് അതിനൊ രവസരം ... അതിനായി പിന്നാലെ നടക്കും. കടലും തിരകളും അടുത്തറിയുന്നത് പത്തിൽ പഠിക്കുമ്പോഴാണ് . ദീപേടെ വീട്ടിലാ പഠിത്തം' അവൾടെ വീടിന്റെ തൊട്ടുപിന്നിലാ കടൽ. സ്ക്രൂൾ വിട്ട് നേരെ അവൾടെ വീട്ടിലേക്ക് ജയചന്ദ്രൻ സാറും ശർമദ സാറും (അന്ന് ടീച്ചറുമ്മാരും സാറുമ്മാരായിരുന്നു !) ചായയും പലഹാര ങ്ങളും തരും. പിന്നെ നേരെ കടപ്പുറത്തേക്ക് .... വലിയ കരിങ്കല്ലുകൾക്ക് മുകളിലൂടെ നടക്കും കുറേ ദൂരം ....ഇടക്കിടെ കള്ളിമുൾച്ചെടികൾ കാണാം... പിന്നെ ഞണ്ടുകൾ മണ്ണിൽ ക്രൂടാരം പോലെ മണ്ണ് കുഴിച്ചിറങ്ങിയതും കാണാം.. സാറിന്റെ വിളി വരും വരെ അവിടെയിരിക്കും അങ്ങനെ എത്രയോ സന്ധ്യകൾ ..... അസ്തമയത്തിന്റെ ചുവന്ന മേഘങ്ങളെ ആവോളം ആസ്വദിച്ച നാളുകൾ

പിന്നീട് മനസ്സിലൊരു കടൽ ഓർമ്മ സംസ്കൃത പഠന യാത്ര യിലാണ്. ക്രൂട്ടുകാർക്കൊപ്പം കപ്പലണ്ടിയും വാങ്ങി പൊഴി മുഖത്തിരുന്ന് തിരകൾ എണ്ണിയത്. ആകാശത്തിന്റെ നിറമാണ് കടലിന് എന്ന് തിരിച്ചറിഞ്ഞ നാളുകൾ..... പിന്നിടെപ്പൊഴോ കടലിലെ തിരമാലകൾ പോലെ ആ കാഴ്ചകൾ അകലെയായി. കുഞ്ഞുങ്ങൾക്ക് വേണ്ടിയായി രുന്നു പിന്നീടുള്ള കടൽക്കാഴ്ചകൾ .. അവർ കടലിൽ ഇറങ്ങുന്നതും കടലമ്മയോട് കിന്നാരം പറയുന്നതും കടലമ്മ കള്ളി എന്നെഴുതി വച്ച് തിരമാലകൾക്കായി കാത്തിരിക്കുന്നതും കാണുന്നതായി കൗതുകം. ഇന്നും എന്നും കടൽ ഒരു ലഹരിയാണ്.... ഒന്ന് ക്രൂടി പോകണം പഴയ തട്ടകത്തിലേക്ക് ... ദീപയേയും ക്രൂട്ടി.. ആ കല്ലുകൾക്ക് മുകളിലൂടെ , കടൽക്കാറ്റേറ്റ്, അസ്തമയസൂര്യനേയും കാത്ത് പഴയ കാലത്തിലേക്ക് ഒരു തിരിച്ചു പോക്ക് ...... എന്നാണെന്നറിയില്ല , എപ്പോഴാണെന്നുമറിയില്ല

# Colour Art

**Sreehari B (10 B)**



# കാത്തിരിപ്പ്

അഭിഷേക് മനോജ് (9 B)



സുഖമുള്ള വേദന , എൻ
ഹൃദയതന്ത്രികളിൽ
പാഴ് സ്മൃതികളായ് നരയുന്ന മാത്രയിൽ
ചിതറിത്തെറിക്കുന്ന വേദന
ഒരു നേർത്ത മൗനമായ്
നിശബ്ദഹേതുവായ്.

മിഴികളെന്നും കൊതിക്കുന്ന നിൻ മുഖം
കാതിണകളോ തേടുന്ന നിൻ സ്വരം
മനതാരിലെവിടെയോ
ഒളിപ്പിച്ച നിന്നോർമകൾ
ഇനിയുമൊരു മഴക്കാലമൊന്നിച്ച നനയാൻ

മരിക്കാത്ത ഓർമകളായ്
ചുടുനിശ്വാസമായ്
ഏകാന്തനിനവുകളിലെപ്പോഴും
കുളിർകാറ്റായ്, തലോടലായ് , മൗനമായ്
എൻ ഹൃദയം നിനക്കായ് തുടിക്കുന്നു

# ഉച്ചയുറക്കം

എബിൻ ചന്ദ്രബാബു (9 A)

ഇരുട്ട് പരത്തിയ കാർമേഘങ്ങൾക്കിടയിലൂടെ
പാതി പെയ്തു മുറിഞ്ഞ മഴ.

പതിഞ്ഞ താളത്തിൽ ജനാലയ്ക്കരികിൽ കിതച്ചു നിന്നു
മറവി മൂടിയ ഭൂതകാലത്തിന്റെ ഏടുകളിലൂടെ ഊർന്നിറങ്ങുന്ന സ്വപ്നം.
പേരറിയാത്ത മുഖങ്ങൾക്കൊപ്പം അവ്യക്തമായ
താഴ്വരകളിലൂടെ പാലായനം ചെയ്തു.

ഋതുക്കളെപ്പോലെ മറഞ്ഞും തെളിഞ്ഞും
ഇരുണ്ട ഇടനാഴികൾ.
പാതകളിൽ ഒരു പെൺജീവിതത്തിന്റെ അടയാളക്കല്ലുകൾ

ഉദരത്തിൽ നിന്നും വേർപ്പെട്ട നാളുകൾ
ഇടമുറിയാതെ ഒഴുകിയിറങ്ങിയ കണ്ണീർ കയങ്ങൾ

പകലന്തികളിൽ ഉരഗങ്ങളായി ഇഴഞ്ഞുനീങ്ങിയ മേച്ചിൽ
പുറങ്ങൾ ആവിയുതിർക്കുന്ന തീവണ്ടിയായ് കടന്നുവന്നു

കാഴ്ചകളുടെ നൂൽ ചേർത്തു കെട്ടിയ കണ്ണുകൾ വലിഞ്ഞു
മുറുകി നൂലിഴകളെ പൊട്ടിച്ചെറിഞ്ഞു
കോളിങ് ബെൽ നിലവിളിച്ചു
അത് ഉച്ചയുറക്കത്തെ കീഴ്പ്പെടുത്തി



# കുപ്പത്തൊട്ടിയിലെ മാണിക്യം

ലക്ഷ്മിപ്രിയ എസ് (8 B)

അങ്ങ് ദൂരെ സൂര്യ കിരണങ്ങൾ തഴുകി ഉണർത്തുന്ന പാടശേഖരങ്ങളും, പക്ഷികളുടെ മധുരമായ സംഗീതവും അന്തരീക്ഷത്തെ കൂടുതൽ മനോഹരമാക്കുന്നു. ചിരിച്ചും കളിച്ചും തമാശ പറഞ്ഞും ഒഴുകുന്ന ഒരു പുഴ, സ്വർഗത്തിൽ നിന്നും ഭൂമിയിലേക്ക് അടർന്ന് വീണ ഒരു കഷ്ണമാണെന്നേ തോന്നൂ. ഇവിടെ ഒരു കൊച്ചു വീട്ടിൽ താമസിക്കുന്ന ഒരു പെൺകുട്ടി, ഇത്ര മനോഹരമായ സ്ഥലത്ത് ജനിച്ച് വളർന്നത് കൊണ്ടാണോ എന്ന് അറിയില്ല അവളെ കാണാനും അവളുടെ സ്വഭാവവും സാക്ഷാൽ മഹാലക്ഷ്മിയുടെ പോലെ ആയിരുന്നു. അവളുടെ വീട്ടിൽ അമ്മുമ്മ മാത്രമേയുള്ളൂ. അച്ഛനും അമ്മയും അവൾ കുഞ്ഞായിരുന്നപ്പോൾ തന്നെ മരിച്ചു. അവർക്ക് അവളുടെ അമ്മുമ്മ എന്ന് വച്ചാൽ ജീവനാണ് . നല്ല നല്ല കഥകളും മറ്റും അവൾക്ക് പറഞ്ഞ് കൊടുക്കും. അവൾ എപ്പോഴും അമ്മുമ്മയോട് പരാതി പറയും " അമ്മുമ്മേ നമ്മൾ ഒറ്റക്കല്ലേ എന്റെ കൂട്ടുകാരുടെയൊക്കെ വീട്ടിൽ അമ്മയും അച്ഛനും അപ്പൂപ്പനും അമ്മുമ്മയും എല്ലാരുമുണ്ട്. നമ്മുടെ വീട്ടിൽ എന്താ ഞാനും അമ്മുമ്മയും മാത്രം. " അൽപം വിഷമത്തോടെയാണെങ്കിലും അമ്മുമ്മ പറയും " ആരു പറഞ്ഞു ഉണ്ണിനമ്മൾ ഒറ്റക്കാണെന്ന് . ഉണ്ണി കേട്ടിട്ടില്ലേ ആരുമില്ലാത്തവർക്ക് ദൈവം തുണ എന്ന് " . മുത്തശ്ശി പലപ്പോഴും അവളെ ഇങ്ങനെയൊക്കെ പറഞ്ഞ് ആശ്വസിപ്പിക്കും. എന്നാൽ ഇങ്ങനെ പറയുമ്പോഴും മുത്തശ്ശിയുടെ വയസ്സ് വിങ്ങിപ്പൊട്ടുകയാണ്. മുത്തശ്ശി മനസ്സിൽ ഇങ്ങനെ പറയും " എന്റെ ഉണ്ണിയെ കാക്കണേ ഈശ്വരാ "

അങ്ങനെ ഇണക്കങ്ങളും പിണക്കങ്ങളുമായി അവർ മുന്നോട്ട് പോയി. അങ്ങനെയിരിക്കെ അവളുടെ സ്കൂളിൽ ഒരു മത്സരം വന്നു. ഒരു പടം വര മത്സരം. ഒന്നാം സ്ഥാനം വാങ്ങി വിജയിക്കുന്നവർക്ക് നല്ല ചിത്രശലഭത്തിന്റെ പുറംചട്ട യോട് കൂടിയ പുസ്തകമാണ് സമ്മാനം. അവൾ ആ പുസ്തകം സമ്മാനമായി കിട്ടണമെന്ന് വളരെയധികം ആഗ്രഹിച്ചു. വീട്ടിൽ വന്ന് മുത്തശ്ശിയോട് ആഗ്രഹം പറഞ്ഞു. രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്ന മുത്തശ്ശിക്ക് കളർ പെൻസിൽ വാങ്ങാൻ പണം ഉണ്ടായിരുന്നില്ല. പല വീടുകളിലും തന്റെ ഈ വയസ്സുകാലത്തും പണിയെടുത്താണ് മുത്തശ്ശി കുടുംബം പോറ്റുന്നത്.



അന്ന് രാത്രി മുത്തശ്ശിക്ക് ഉറങ്ങാൻ സാധിച്ചില്ല. പിറ്റേ ദിവസം ജോലിക്ക് പോയപ്പോൾ ആ വീട്ടിലെ കുട്ടികൾ കുപ്പത്തൊട്ടിയിൽ ഉപേക്ഷിച്ച എഴുതി തീരാറായ കളർ പെൻസിൽ എടുത്ത് മുത്തശ്ശി തന്റെ ചെറുമകൾക്ക് നൽകി. അവൾ സന്തോഷത്തോടെ അതു വാങ്ങി മത്സരത്തിന് കൊണ്ടുപോയി. കുട്ടികൾ എല്ലാവരും അവളെ കളിയാക്കി. മിക്ക കുട്ടികളുടെയും കൈയിൽ മുന്തിയ കളർ പെൻസിലുകളായിരുന്നു ഉണ്ടായിരുന്നത്. മത്സരത്തിൽ അവൾക്ക് ഒന്നാം സ്ഥാനവും ലഭിച്ചു.

# അച്ഛൻ

രാജി സദാനന്ദൻ ( അധ്യാപിക )



എന്നകതാരിലെപ്പോഴുമൊരു
നേർത്ത തെന്നലായ്
ഒരു സ്നേഹസ്പർശമായി
ഒരു കുളിർ മഴയായ്
സ്നേഹഗീതമായ് നിറയുന്നതെൻ
അച്ഛൻ
സ്നേഹ ചുംബനങ്ങൾ തൻ ധാരയായ്
നിറപുഞ്ചിരിയുടെ പൂനിലാ വെളിയായ്
ഉറവ വറ്റാത്തൊരു സ്നേഹ
സാഗരത്തെപ്പോൽ
എന്നുമെൻ ഹൃത്തിൽ തെളിയുമാ
പുഞ്ചിരി
ആദ്യമായ്
ചൊല്ലിയതമ്മയെന്നാകിലും
അമ്മയെക്കാളേറെ സ്നേഹിച്ചതച്ചനെ
എന്റെ ഇഷ്ടങ്ങൾ അറിഞ്ഞ് ചെയ്തീടിലും
ഇത്തിരി ഭയമാണ്
ആ വദനത്തിൻ ഗൗരവം
ജന്മ ജന്മാന്തര സുകൃതമായ് കരുതീടാം
അച്ഛൻ തൻ മകളായ് വന്നു പിറന്നതിൽ
ഇനിയെത്ര ജന്മങ്ങളുണ്ടെന്നതാകിലും
അച്ഛന്റെ മകളായ്
ജനിക്കുവതെൻ ഭാഗ്യം

# ആർക്കോ വേണ്ടി

അനശ്വര കെ എസ് (9 B)

അമ്മതൻ ഉദരത്തിൽ നിന്ന്
ചാടിപുറപ്പെട്ടൊരുണ്ണി തൻ
തേങ്ങി കരയലിൽ എവിടുന്നോ
കേൾക്കുന്ന മറ്റൊരമ്മതൻ വാവിട്ടു
കരയൽ

ആ വൃദ്ധസദനത്തിൻ കോണിപ്പടി
കെട്ടുകൾക്കിടയിൽ നിന്നുയരുന്ന
വേപഥു തൻ അശ്രു മയക്കത്തിൽ
നിന്നുണരുന്ന വാവിട്ടു കരയൽ

പത്തു മാസം വയറ്റിൽ ചുമന്നൊര-
മ്മതൻ നൊമ്പരം
മക്കൾക്ക് എന്ത് ചെയ്താലും
അകറ്റുവാ നാകുമോ ദൈവമേ ?

ജാലകപ്പാളിതൻ അഴികൾക്കുള്ളി -
ലൂടേങ്ങി വലിക്കുള്ള അമ്മതൻ
കാത്തിരിപ്പിൻ നോട്ടമിനി
ആരു കാണും ?....

ജാലക കമ്പിയിൽ ചുറ്റിപ്പിണഞ്ഞ്
കിടക്കുന്നൊരാ മലർവെള്ളി തൊട്ടും
തലോടിയും ആശ്വസിപ്പിച്ചാലും
അടങ്ങുമോ ഈ സ്നേഹനൊമ്പരം ?....

മൂളിപ്പാട്ടുമായി എത്തുന്ന
ആ വണ്ടിനോടും അമ്മ
ചോദിക്കുമെന്നും തന്റെ മക്കളെ
കണ്ടുവോ ഈ വഴിയെങ്ങാനും ?

മന്ദഹാസിച്ച് പൂമ്പൊടി വിതറുന്ന
കൊങ്ങിണിപ്പൂക്കളും
തലയാട്ടും .... ' ഇല്ല' എന്ന
മട്ടിൽ പരിഭവിച്ചും

മാരുതൻ വന്നിട്ടും ശീതം പൊ
ഴിച്ചിട്ടും ഇപ്പോഴും തുറന്നിരിക്കുന്ന
ആ ജാലകപ്പാളിയെ തുരുമ്പും
ഈർപ്പനും ആക്രമിച്ചിട്ടും
എത്തിയില്ലാ മക്കൾ ......

ആർക്കോ വേണ്ടി .....
തുറന്നിരിക്കുന്ന ജാലകം
എന്തിനോ വേണ്ടി .....
ആർക്കോ വേണ്ടി
തേങ്ങുകയാണാ
ജാലകപ്പാളികളെന്നും
ഇന്നും.......



# കണക്കായിപ്പോയി

അനുപ്രിയ കെ ബി (8 B)

"രാമൂ,ഇവിടെ വരൂ" "കണക്കു മാഷിന്റെ ഇന്നത്തെ ഇര ഞാൻ ആണല്ലോ ദൈവമേ " അവൻ ചിന്തിച്ചു. മടിച്ച് മടിച്ച് അവൻ ബോർഡിന് മുൻപിൽ വന്ന് നിന്നു. 141 - 21 . ബോർഡിൽ മാഷ് ഇങ്ങനെ എഴുതുന്നത് അവൻ നേരത്തെ കണ്ടിരുന്നു. "ഈ കണക്ക് ചെയ്യൂ. എളുപ്പമുള്ളതാണ്." മാഷ് പറഞ്ഞു. "എളുപ്പമുള്ളതണത്രെ, ആർക്ക്? മാഷിനായിരിക്കും." അവൻ ഓർത്തു. മേശപ്പുറത്തിരിക്കുന്ന ചോക്കിനെ മൈൻഡ് ചെയ്യാതെ അവൻ പറഞ്ഞു, "എനിക്കറിയില്ല മാഷേ ". ഞാൻ നിന്നെ സഹായിക്കാം", എന്ന് മാഷ്." ഒന്നിൽ നിന്നും ഒന്ന് പോയാൽ എത്രയാ? " മാഷിന്റെ ചോദ്യം. ഉടൻ വന്നു ഉത്തരം രാമുവിൻറെ വക,'ഒന്ന്. "

ഇന്ന് ഇവനെ പഠിപ്പിച്ചിട്ട് തന്നെ കാര്യം എന്ന് മനസ്സിൽക്കരുതി മാഷ് കസേരയിൽ ഇരുന്നിട്ട് രാമുവിനെ അടുത്തേക്ക് വിളിച്ചു. അടുത്തെത്തിയ അവനോട് മാഷ് പറഞ്ഞു,"മോനേ രാമൂ, നിന്നെ മാഷ് ഒരു പുതിയ മാർഗത്തിൽ കണക്കു പഠിപ്പിക്കാം. അവൻ തല കുലുക്കി. "എങ്ങനെ വേണം " മാഷ് ചിന്തിച്ചു. പുകഞ്ഞു തുടങ്ങിയ തലയിൽ പെട്ടെന്ന് ഒരു ആശയം ഉദിച്ചു.

ഒട്ടും വൈകിയില്ല. "നിന്റെ വലതു കൈ നീട്ട് " മാഷ് പറഞ്ഞത് കേട്ട് രാമു ഞെട്ടി. "ഇതായിരുന്നോ പുതിയ മാർഗം. ഇന്നും ചൂരൽക്കഷായം തന്നെ " ഇങ്ങനെ ചിന്തിച്ച് പേടിയോടെ അവൻ കൈ നീട്ടി. അവനെ വീണ്ടും ഞെട്ടിച്ചു കൊണ്ട് മാഷ് മേശപ്പുറത്തിരുന്ന ചോക്ക് കഷ്ണം നീട്ടിയ കയ്യിൽ കൊടുത്തു. "ഒരു ചോക്ക് " മാഷ് പറഞ്ഞു. " ഒരു ചോക്ക് " രാമു യാന്ത്രികമായി ഏറ്റു പറഞ്ഞു. ചോക്കും പിടിച്ച് മിഴിച്ചു നിൽക്കുന്ന രാമുവിനോട് ഏറെ വാത്സല്യത്തോടെ മാഷ് പറഞ്ഞു, "ഇനി അത് എനിക്ക് തരൂ " കേട്ടപാടെ രാമു ചോക്ക് മാഷിന് കൊടുത്തു.

യുദ്ധം ജയിച്ച വീരനെപ്പോലെ മാഷ് രാമുവിനെയും ഇതെന്ത് കഥ എന്ന മട്ടിൽ അന്തം വിട്ടിരിക്കുന്ന മറ്റു കുട്ടികളെയും ഒന്ന് നോക്കി. "ഇപ്പോൾ നിന്റെ കയ്യിൽ എത്ര ചോക്കുണ്ട്?" മാഷിന്റെ ചോദ്യം. "ഒന്ന് " രാമു പറഞ്ഞു. "പതറരുത്, തളരരുത് " മാഷ് മനസ്സിൽ പറഞ്ഞു. "എന്നാൽ ആ ഒരു ചോക്ക് ഇങ്ങ് തരൂ " മാഷ് വിട്ടുകൊടുക്കാൻ ഭാവമില്ല. അല്പം വിഷമത്തോടെ ആണെങ്കിലും രാമു ഇടത്തെ കയ്യിൽ മുറുകെപ്പിടിച്ചിരുന്ന ചോക്ക് കഷ്ണം മാഷിന് നേരെ നീട്ടി. മാജിക്ക് പാളിപ്പോയ മജിഷ്യനെപ്പോലെ മാഷ് സ്തംഭിച്ചു നിന്നു.



# ഇനിയുമൊരു ജന്മത്തിനായ്


കീർത്തന എ ആർ (9 B)

പ്രഭാതമെത്തുന്നു ഇളം പൈതലെപ്പോൽ
തുടുത്ത കവിളുകളാൽ പുഞ്ചിരി തൂകി
ആരെയും കൊതിപ്പിക്കും ചേലോടെ
ആരിലുമിഷ്ടം ജനിപ്പിക്കുമൊരിളം
പൈതലെപ്പോൽ നീ .....
പോകെപ്പോകെ താപമേറുന്നു
ഭാവവും മാറുന്നു .....
ബാല്യ കൗമാരങ്ങളെപ്പോൽ
കുറുമ്പും കുസൃതിയുമേറുന്നു
കൊഞ്ചിച്ചും ലാളിച്ചും
പരിപാലിച്ചോരെ ച്ചുട്ടുനീറ്റുവാൻ
മടിയാത്തോരു സുതനെപ്പോൽ
തീക്ഷ്ണമാവുന്നു നീ .....
യൗവനം പോവാതെ കാത്തു സൂക്ഷിക്കുമ്പോൾ
സൂര്യാ ! നീയും നിന്റെ മദ്ധ്യാഹ്ന–
മേറ്റുവാൻ പാടുപെടുന്നുവോ ?
മദ്ധ്യാഹ്നം പോകെ, വാർദ്ധക്യമെന്നപോൽ
നിൻ ച്ചൂടും പ്രസരിപ്പും പോയ്,
നീയും വൃദ്ധനായ് മാറുന്നുവോ ?
താപസനെപ്പോൽ, ജ്ഞാനത്താൽ
പരിപക്വനായ് ചിരി തൂകുന്നുവോ നീ
മരിക്കുവാൻ : മടിയാണെങ്കിലും
മരിക്കാതെ വയ്യല്ലോയെന്ന ചിന്തയാൽ
പതിയെ പതിയെ നീ യാത്രയാകുന്നുവോ ?
ഇനിയുമൊരു ജന്മത്തിനായ് .
യാത്രയാകുന്നുവോ ? പ്രിയ സൂര്യ !.
യാത്രയാകുന്നുവോ നീ വീണ്ടും വീണ്ടും



# Colour Art

Vaishnav Vasudev (7 B)



നന്ദി.....

മഴവില്ല് ന്
നിറം നൽകിയവർക്ക്

എഡിറ്റോറിയൽ ബോർഡ്